# പതിമൂന്നാം കേരള നിയമസഭ

# (THIRTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി VIII
## (SUBJECT COMMITTEE VIII)

## സാമ്പത്തിക കാര്യങ്ങൾ
## (ECONOMIC AFFAIRS)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്
## (2015-2016)

## FIFTH REPORT ON THE SCRUTINY OF DEMANDS FOR GRANTS (2015-2016)

2015 ...ജൂൺ...8...-ാം തീയതി സമർപ്പിച്ചത്
(Presented on 8th June 2015)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2015

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VIII

# (SUBJECT COMMITTEE VIII)

## സാമ്പത്തിക കാര്യങ്ങൾ

## (ECONOMIC AFFAIRS)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്**
**(2015-2016)**

**FIFTH REPORT ON THE SCRUTINY OF DEMANDS FOR GRANTS (2015-2016)**

416/2015.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# അവതാരിക

2015-2016 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ വിഷയനിർണ്ണയ സമിതി VIII (സാമ്പത്തിക കാര്യങ്ങൾ)-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2015 ഏപ്രിൽ 21, 28 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന് കേരള നിയമസഭയുടെ ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള വിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു :

| | |
|---|---|
| ധനാഭ്യർത്ഥന നമ്പർ V | —കാർഷികാദായ നികുതിയും വിൽപ്പന നികുതിയും |
| ധനാഭ്യർത്ഥന നമ്പർ VII | —മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും |
| ധനാഭ്യർത്ഥന നമ്പർ VIII | —എക്സൈസ് |
| ധനാഭ്യർത്ഥന നമ്പർ X | —ട്രഷറികളും അക്കൗണ്ടുകളും |
| ധനാഭ്യർത്ഥന നമ്പർ XI | —ജില്ലാഭരണവും പലവകയും |
| ധനാഭ്യർത്ഥന നമ്പർ XVI | —പെൻഷനും പലവകയും |
| ധനാഭ്യർത്ഥന നമ്പർ XXVIII | —പലവക സാമ്പത്തിക സർവ്വീസുകൾ |
| ധനാഭ്യർത്ഥന നമ്പർ XLIII | —നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും |
| ധനാഭ്യർത്ഥന നമ്പർ XLV | —പലവക വായ്പകളും മുൻകൂറുകളും |
| ധനാഭ്യർത്ഥന നമ്പർ XLVI | —സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും |

ധനാഭ്യർത്ഥനകളുടെ പരിശോധനാവേളയിൽ ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിശോധിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽനിന്നും കൂടുതൽ വിശദീകരണം ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അഭിപ്രായങ്ങൾ രൂപീകരിക്കുകയും നിഗമനങ്ങളിൽ എത്തിച്ചേരുകയും ചെയ്തു. ധനാഭ്യർത്ഥനകളിന്മേൽ ലഭിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായ ശീർഷകങ്ങളിൻമേൽ അധിക തുക അനുവദിക്കുന്നതിനുള്ള സമിതിയുടെ ശിപാർശകൾ അടങ്ങിയതാണ് ഈ റിപ്പോർട്ട്.

2015 മേയ് മാസം 5-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

കെ. എം. മാണി,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VIII.*

തിരുവനന്തപുരം,
2015 മേയ് 5.

# സബ്ജക്ട് കമ്മിറ്റി VIII

## (സാമ്പത്തിക കാര്യങ്ങൾ)

## (2013-2016)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. കെ. എം. മാണി,
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

ശ്രീ. കെ. ബാബു,
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി.

ശ്രീ. അനൂപ് ജേക്കബ്,
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. വി. ചെന്താമരാക്ഷൻ, എം.എൽ.എ.

ശ്രീ. കോവൂർ കുഞ്ഞുമോൻ, ,,

ശ്രീ. മുല്ലക്കര രത്നാകരൻ, ,,

പ്രൊഫ. സി. രവീന്ദ്രനാഥ്, ,,

ശ്രീ. വി. ഡി. സതീശൻ, ,,

ഡോ. ടി. എം. തോമസ് ഐസക്, ,,

ശ്രീ. പി. ഉബൈദുള്ള, ,,

ശ്രീ. എം. പി. വിൻസെന്റ്, ,,

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ജോയിന്റ് സെക്രട്ടറി

ശ്രീ. സന്തോഷ്, വി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജി. എസ്. സുരേഷ് കുമാർ, അണ്ടർ സെക്രട്ടറി.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ V—കാർഷികാദായ നികുതിയും വിൽപ്പന നികുതിയും

വോട്ട് ചെയ്തത്—26659.35 ലക്ഷം രൂപ

ചാർജ് ചെയ്തത്—36.20 ലക്ഷം രൂപ

2040-00-101-97-04(1)—വാണിജ്യ നികുതി ഓഫീസുകൾ—യാത്രാബത്ത

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—85 ലക്ഷം രൂപ

1. 2014-15 വർഷത്തെ യാത്രാബത്ത കടിശ്ശികയിനത്തിൽ 8.5 ലക്ഷം രൂപ ആവശ്യമുള്ളതിനാലും, അടുത്ത വർഷം മുതൽ ചരക്ക സേവന നികുതി നടപ്പാക്കുന്നത് സംബന്ധിച്ച ചർച്ചകൾക്കും പരിശീലന പരിപാടികൾക്കും ഉദ്യോഗസ്ഥർക്ക് ഡൽഹിയിലേക്ക് യാത്രനടത്തേണ്ടതായുള്ളതിനാൽ വിമാനയാത്രാക്കൂലി മുതലായ ഇനങ്ങളിൽ ചെലവ് വർദ്ധിക്കാനിടയുള്ളതുകൊണ്ടും ഇപ്പോൾ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ, 26 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2040-00-101-97-05(1)—ഓഫീസ് ചെലവുകൾ—വെള്ളക്കരം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—7 ലക്ഷം രൂപ

2. 2015-16 വർഷത്തേക്ക് വെള്ളക്കരം ഇനത്തിൽ 12.25 ലക്ഷം രൂപ ആവശ്യമുള്ളതിനാൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക തീരെ അപര്യാപ്തമാണ്. ആയതിനാൽ 5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2040-00-101-97-06—വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—165 ലക്ഷം രൂപ

3. ഈ ശീർഷകത്തിൽ മുൻവർഷത്തെ ബഡ്ജറ്റ് വിഹിതവും, അധികമായി അനുവദിച്ചു കിട്ടിയ തുകയും പൂർണ്ണമായി ചെലവഴിച്ച് കഴിഞ്ഞതിനാലും കെട്ടിട നികുതിയിനത്തിൽ കമ്മീഷണറേറ്റിനും മറ്റ് ഓഫീസുകൾക്കുമായി 70 ലക്ഷത്തോളം രൂപ കടിശ്ശികയുള്ളതിനാലും വാടക, കരം, നികുതിയിനത്തിൽ 40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2040-00-101-97-21(2)—മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—80 ലക്ഷം രൂപ

4. 2014-15 വർഷത്തെ ബഡ്ജറ്റ് വിഹിതവും, അധികമായി അനുവദിച്ച തുകയും പൂർണ്ണമായും ചെലവഴിച്ചതിനാലും, വകപ്പിലേക്ക് 40 വാഹനങ്ങൾ പുതിയതായി വാങ്ങിയതിനാൽ ചെലവ് വർദ്ധിക്കാനിടയുള്ളതിനാലും ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

416/2015.

2040-00-101-97-45—പി.ഒ.എൽ.

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—290 ലക്ഷം രൂപ।

5. വാണിജ്യ നികുതി വകുപ്പിന് നിലവിലുള്ള 277 വാഹനങ്ങൾക്ക് പുറമേ 40 പുതിയ വാഹനങ്ങൾ കൂടി വാങ്ങിയതിനാൽ ഇന്ധന ചെലവിനത്തിൽ ചെലവ് വർദ്ധിക്കാനിടയുള്ളതിനാലും ഇപ്പോൾ അനുവദിച്ച തുക അപര്യാപ്തമായതിനാലും 30 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2040-00-101-94-19—കമ്പ്യൂട്ടർവൽക്കരണം—യന്ത്രോപകരണങ്ങൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—500 ലക്ഷം രൂപ

6. 2016 ഏപ്രിൽ മുതൽ ചരക്ക സേവന നികുതി നടപ്പിലാക്കേണ്ടതിനായി സെർവറുകളുടെ ശേഷി കൂട്ടുന്നതിനും മറ്റ് അനുബന്ധസാമഗ്രികൾ ലഭ്യമാക്കുന്നതിലേക്കുമായി അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ അടിയന്തരപ്രവൃത്തികൾക്കായി 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2040-00-800-98-36—കച്ചവടക്കാരുടെ ക്ഷേമപദ്ധതി—സഹായധനം—ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—150 ലക്ഷം രൂപ

7. സംസ്ഥാനത്തെ കച്ചവടക്കാർക്കുള്ള ക്ഷേമപെൻഷൻ കുടിശ്ശിക, മരണാനന്തര ആനുകൂല്യം, എക്സ്ഗ്രേഷ്യ തുടങ്ങിയവ വിതരണം ചെയ്യുന്നതിനായി 9.5 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ VII—മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും

വോട്ട് ചെയ്തത്—18593.16 ലക്ഷം രൂപ

ചാർജ് ചെയ്തത്—1 ലക്ഷം രൂപ

2030-03-001-99-34—രജിസ്ട്രേഷൻ—നടത്തിപ്പും ഭരണവും—മറ്റ് ചെലവുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—10,000 രൂപ

8. രജിസ്ട്രേഷൻ വകുപ്പിന്റെ 150-ാം വാർഷികത്തോടനുബന്ധിച്ച് നടത്തേണ്ട ആഘോഷ പരിപാടികൾക്കും സെമിനാറുകൾക്കും ജില്ലാതല ആഘോഷ പരിപാടികൾക്കുമായി 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2030-03-001-97-04-1—രജിസ്ട്രേഷൻ—നടത്തിപ്പും ഭരണവും—യാത്രാ ചെലവുകൾ—യാത്രാബത്ത

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—1.72 ലക്ഷം രൂപ

9. രജിസ്ട്രേഷൻ ഡി.ഐ.ജി.മാരുടെ യാത്രാബത്ത ഇനത്തിലുള്ള കുടിശ്ശിക നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2030-03-001-95-05-3—സബ് രജിസ്ട്രി ഓഫീസുകൾ—ഓഫീസ് ചെലവുകൾ—ടെലിഫോൺ ചാർജ്

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—11.57 ലക്ഷം രൂപ

10. സബ് രജിസ്ട്രാർ ഓഫീസുകളുടെ ടെലിഫോൺ ചാർജ് ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3.5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2030-03-001-95-06—വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—80 ലക്ഷം രൂപ

11. സബ് രജിസ്ട്രാർ ഓഫീസുകളുടെ വാടകയിനത്തിൽ 10 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2030-03-001-93—രജിസ്ട്രേഷൻ വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—600 ലക്ഷം രൂപ

12. സബ് രജിസ്ട്രാർ ഓഫീസുകളിലെ വാല്യങ്ങൾ ബൈൻഡ് ചെയ്ത് കേടുകൂടാതെ സൂക്ഷിക്കുന്നതിനായി നിലവിൽ അനുവദിച്ച വിഹിതം പൂർണ്ണമായും ചെലവഴിച്ചതിനാലും ഒരു വാല്യത്തിന് 710 രൂപ നിരക്കിൽ 80,000-ഓളം വാല്യങ്ങൾ ബൈൻഡ് ചെയ്യാൻ ശേഷിക്കുന്നതിനാലും 5.68 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2030-03-001-88—സംസ്ഥാനതല പരിശീലനകേന്ദ്രം സ്ഥാപിക്കൽ

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—200 ലക്ഷം രൂപ

പദ്ധതിയേതരം—1,000 രൂപ

13. എറണാകുളം ജില്ലയിലെ കൂത്താട്ടുകുളത്ത് രജിസ്ട്രേഷൻ വകുപ്പിന് ആധുനിക സംവിധാനങ്ങളോടുകൂടിയ പരിശീലനകേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പുസാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 8 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2030-01-102-99—മുദ്രപ്പത്ര വില്പനച്ചെലവുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—125 ലക്ഷം രൂപ

14. ജുഡീഷ്യൽ മുദ്രപ്പത്രങ്ങളുടെ വിൽപ്പന വർദ്ധിക്കുന്നതനുസരിച്ച് ഡിസ്കൗണ്ട് ഇനത്തിലെ ചെലവ് വർദ്ധിക്കുന്നതിനാൽ 10 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2030-02-102-99—മുദ്രപ്പത്ര വില്പനച്ചെലവുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—20 കോടി രൂപ

15. നോൺ ജുഡീഷ്യൽ മുദ്രപ്പത്രങ്ങളുടെ വിൽപ്പന വർദ്ധിക്കുന്നതനുസരിച്ച് ഡിസ്കൗണ്ട് ഇനത്തിലെ ചെലവ് വർദ്ധിക്കുന്നതിനാൽ 1 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ VIII—എക്സൈസ്

വോട്ട് ചെയ്തത്—24823.76 ലക്ഷം രൂപ

ചാർജ് ചെയ്തത്—12 ലക്ഷം രൂപ

2039-00-001-95—മദ്യാസക്തിക്കെതിരായ പ്രചരണം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—80 ലക്ഷം രൂപ

16. സമൂഹത്തിൽ നിലവിലുള്ള കടുത്ത മദ്യാസക്തിക്കെതിരെ സമഗ്ര മദ്യവിരുദ്ധ ബോധവൽക്കരണ പരിപാടികൾ ഫലപ്രദമായി നടപ്പാക്കുന്നതിന് 13.91 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-99-15—രഹസ്യ സേവനച്ചെലവുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—8 ലക്ഷം രൂപ

17. എക്സൈസ് വകുപ്പിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി രഹസ്യാന്വേഷണം നടത്തുന്നതിനും വിവരങ്ങൾ ശേഖരിക്കുന്നതിനുമുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ 17 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-98-45—പി.ഒ.എൽ.

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—144 ലക്ഷം രൂപ

18. എക്സൈസ് വകുപ്പിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനം കൂടുതലും നടക്കുന്നത് റെയ്ഞ്ച് ഓഫീസുകൾ കേന്ദ്രീകരിച്ചായതിനാൽ വാഹനത്തിന്റെ ഇന്ധനച്ചെലവുകൾക്ക് കൂടുതൽ തുക വേണ്ടിവരുമെന്നതിനാൽ 30 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-94-34—എക്സൈസ് വകുപ്പിന്റെ നവീകരണം—മറ്റ് ചെലവുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—200 ലക്ഷം രൂപ

19. എക്സൈസ് വകുപ്പിൽ 2015-16 സാമ്പത്തികവർഷത്തിൽ കൂടുതൽ ജീപ്പുകൾ വാങ്ങുന്നതിനും ഡെപ്യൂട്ടി കമ്മീഷണർമാർക്ക് പുതിയ വാഹനങ്ങൾ വാങ്ങുന്നതിനും ഫർണിച്ചർ, ഇ.സി.ആർ.ബി. സോഫ്റ്റ്‌വെയർ, ക്യൂബിക്കിൾ, ഡോർമെറ്ററി തുടങ്ങിയവ സജ്ജീകരിക്കുന്നതിനും ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 4 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-01-051-94-16—സ്റ്റേറ്റ് എക്സൈസ്—വൻകിട മരാമത്ത് പണികൾ (ധനാഭ്യർത്ഥന നമ്പർ XV)

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—3 കോടി രൂപ

20. എക്സൈസ് വകുപ്പിൽ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 22 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ X—ട്രഷറികളും അക്കൗണ്ടുകളും

വോട്ട് ചെയ്യുന്നത്—23803.66 ലക്ഷം രൂപ

ചാർജ് ചെയ്യുന്നത്—ഇല്ല

2054-00-098-88—ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—140 ലക്ഷം രൂപ

21. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സമ്പൂർണ്ണ കമ്പ്യൂട്ടർവല്ക്കരണത്തിനായി 60 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XI—ജില്ലാഭരണവും പലവകയും

വോട്ട് ചെയ്യുന്നത്—50173.09 ലക്ഷം രൂപ

ചാർജ് ചെയ്യുന്നത്—105 ലക്ഷം രൂപ

2047-00-103-99—ദേശീയ സമ്പാദ്യ സംഘടനാ ഡയറക്ടറാഫീസ്

01—ശമ്പളം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—189.11 ലക്ഷം രൂപ

05—ഓഫീസ് ചെലവുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—10.16 ലക്ഷം രൂപ

22. ദേശീയ സമ്പാദ്യ സംഘടനാ ഡയറക്ടറുടെ ഓഫീസിൽ ശമ്പളപരിഷ്കരണം, ക്ഷാമബത്തയിലുണ്ടാകുന്ന വർദ്ധനവ് എന്നിവ കണക്കിലെടുത്ത് ശമ്പളം ഇനത്തിൽ 14.86 ലക്ഷം രൂപയും ഓഫീസ് ചെലവ് ഇനത്തിൽ 3.09 ലക്ഷം രൂപയും ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2047-00-103-99-06—വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—5.5 ലക്ഷം രൂപ

23. ഡയറക്ടറേറ്റിന്റെയും ജില്ലാ ഓഫീസിന്റെയും വാടക പുതുക്കി നിശ്ചയിച്ചിട്ടുള്ളതിനാൽ ഇപ്പോൾ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണ്. ആയതിനാൽ 1 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2047-00-103-99-08—പരസ്യം, പ്രചരണം എന്നിവയ്ക്കുള്ള ചെലവുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—20 ലക്ഷം രൂപ

24. 2015-16 സാമ്പത്തികവർഷത്തിൽ നിക്ഷേപ സമാഹരണ ലക്ഷ്യം ജില്ലകൾക്ക് നിശ്ചയിച്ചു നൽകുന്നതു മൂലമുള്ള കൂടുതൽ ചെലവ് കണക്കിലെടുത്ത് 5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2047-00-103-99-34—മറ്റു ചെലവുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—55 ലക്ഷം രൂപ

25. നാഷണൽ സേവിംഗ്സ് ഏജന്റുമാരുടെ ക്ഷേമനിധിയിൽ സർക്കാർ വിഹിതം നൽകുന്നതിന് അധികതുക ആവശ്യമായതിനാൽ 10 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2047-00-103-98-01—കളക്ടറാഫീസ്—ശമ്പളം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—73.12 ലക്ഷം രൂപ

26. ശമ്പളപരിഷ്കരണം, ക്ഷാമബത്തയിലുണ്ടാകുന്ന വർദ്ധനവ് എന്നിവ മൂലമുണ്ടാകുന്ന അധിക ചെലവിനായി 7.52 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2047-00-103-96-01—<u>ജില്ലാ ഓഫീസുകൾ—ശമ്പളം</u>

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—393.42 ലക്ഷം രൂപ

27. ശമ്പള പരിഷ്കരണം, ക്ഷാമബത്തയിലുണ്ടാകുന്ന വർദ്ധനവ് എന്നിവ കണക്കിലെടുത്ത് 41.83 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2047-00-103-96-02—<u>വേതനം</u>

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—6.86 ലക്ഷം രൂപ

28. 2014-15 വർഷത്തെ കുടിശ്ശിക ഉൾപ്പെടെ വേതനം കൊടുത്തു തീർക്കാനുള്ളതിനാൽ ഈ ശീർഷകത്തിൽ 4.77 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2047-00-103-96-04—<u>യാത്രാ ചെലവുകൾ</u>

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—3.52 ലക്ഷം രൂപ

29. ജില്ലാ ഓഫീസുകളിലെ ഉദ്യോഗസ്ഥന്മാരുടെ യാത്രാബത്ത, അവധിയാത്രാ ആനുകൂല്യം എന്നിവ നൽകുന്നതിന് ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 2.23 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2047-00-103-87—<u>ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാർക്കും എസ്.എ.എസ്. ഏജന്റുമാർക്കും അധിക സേവനത്തിന് നൽകുന്ന പ്രതിഫലം</u>

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—10000 ലക്ഷം രൂപ

30. ദേശീയ സമ്പാദ്യ പദ്ധതിയിലെ മഹിളാ പ്രധാൻ ഏജന്റുമാർക്കും എസ്.എ.എസ്. ഏജന്റുമാർക്കും അധിക സേവനത്തിന് പ്രതിഫലം നൽകുന്നതിന് ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 50 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2047-00-103-86—<u>ഭവനമില്ലാത്ത ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാർക്ക് ഭവന പദ്ധതി</u>

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—1,000 രൂപ

31. ദേശീയ സമ്പാദ്യ പദ്ധതിയിൽ ഭവന വായ്പയ്ക്കായി അപേക്ഷ നൽകിയിട്ടുള്ള 49 ഏജന്റുമാർക്ക് സബ്സിഡി നൽകുന്നതിനായി 48.99 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XVI—പെൻഷനും പലവകയും

വോട്ട് ചെയ്തത്—1821291.03 ലക്ഷം രൂപ

ചാർജ് ചെയ്തത്—3555.64 ലക്ഷം രൂപ

2075-00-103-98—ഏജന്റുമാരുടെ കമ്മീഷൻ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—159700 ലക്ഷം രൂപ

32. ലോട്ടറി വിറ്റുവരവ് കൂടുന്നതനുസരിച്ച് ഡിസ്കൗണ്ട്, ഏജന്റിനുള്ള സമ്മാനം എന്നിവയ്ക്ക് ആനുപാതികമായ വർദ്ധനവ് ഉണ്ടാകുന്നതിനാലും, 2014 സെപ്റ്റംബറിന് ശേഷം ലോട്ടറി വിറ്റുവരവിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുള്ളതിനാലും 2015-16-ൽ 1980 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നതിനാലും 383 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103-97—സമ്മാനദാനം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—1800 ലക്ഷം രൂപ

33. 2015-16-ൽ സമ്മാനദാനം ഇനത്തിൽ ഏകദേശം 2400 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ 600 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103-95—ലോട്ടറികളിൽ നിന്നുള്ള അറ്റാദായം കാരുണ്യ ബെനവലന്റ് ഫണ്ടിലേക്ക് മുതൽക്കൂട്ടൽ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—25000 ലക്ഷം രൂപ

34. 2014-15 സാമ്പത്തികവർഷം കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ചികിത്സാ സഹായത്തിനായി ലഭിച്ച അപേക്ഷകളുടെ എണ്ണം പ്രതിമാസം 3000 വരെയായി വർദ്ധിച്ചതിനാൽ 2015-16 വർഷം 420 കോടി രൂപ ധനസഹായത്തിനായി വേണ്ടിവരുമെന്നതിനാൽ 170 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-800-81—കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് അംശദാനം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—101.18 ലക്ഷം രൂപ

35. നിലവിലുള്ള ഹജ്ജ് ഹൗസിനോടനുബന്ധിച്ച് അഡീഷണൽ ബ്ലോക്കിന്റെ പണി പൂർത്തീകരിക്കുന്നതിനായി 16 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-800-98—രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി വിഹിതം

ബഡ്ജറ്റ് വിഹിതം—ഇല്ല

36. അക്കാദമിക്ക് സ്വന്തമായി ഓഫീസ് കെട്ടിടം നിർമ്മിക്കുക, വിമാന എഞ്ചിൻ മാറ്റുക, എയർപോർട്ട് പെരിമീറ്റർ റോഡ് നിർമ്മിക്കുക, സിംഗിൾ എഞ്ചിൻ വിമാനം വാങ്ങുക, മിഗ് വിമാനം സ്ഥാപിക്കാനുള്ള പ്ലാറ്റ് ഫോം പണിയുക, സീപ്ലെയിൻ വാങ്ങുക എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടില്ലാത്തതിനാൽ പദ്ധതിയിനത്തിൽ 1 കോടി രൂപ അനുവദിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XLV—പലവക വായ്പകളും മുൻകൂറുകളും

വോട്ട് ചെയ്തത്—22080.64 ലക്ഷം രൂപ

ചാർജ് ചെയ്തത്—ഇല്ല

7610-00-201-98—ഭവനനിർമ്മാണ വായ്പകൾ സംസ്ഥാന സർവ്വീസ് ഉദ്യോഗസ്ഥന്മാർ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—21000 ലക്ഷം രൂപ

37. 2014-15 സാമ്പത്തികവർഷത്തിൽ സംസ്ഥാന സർവ്വീസ് ഉദ്യോഗസ്ഥന്മാർക്ക് ഭവനനിർമ്മാണ വായ്പയുള്ള ആയിരത്തിലധികം അപേക്ഷകളും 2015-16 വർഷത്തിൽ പ്രതീക്ഷിക്കുന്ന അപേക്ഷകളും ഒരുമിച്ച് 2015-16-ൽ പരിഗണിക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ 85 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

വോട്ട് ചെയ്തത്—372223.52 ലക്ഷം രൂപ

ചാർജ് ചെയ്തത്—ഇല്ല

2235-60-110-98-01(4)—ജില്ലാ ഓഫീസുകൾ—മെഡിക്കൽ റീഇംബേഴ്സ്മെന്റ്

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—1.66 ലക്ഷം രൂപ

38. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന് ഈ ശീർഷകത്തിൽ നിലവിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ 1.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-110-99-06—സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ് വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—33 ലക്ഷം രൂപ

39. ഹൗസിംഗ് ബോർഡിൽ ഇൻഷ്വറൻസ് വകുപ്പിന്റെ ആസ്ഥാന കാര്യാലയം പ്രവർത്തിച്ചിരുന്നപ്പോഴുള്ള വാടക കുടിശ്ശിക നൽകുന്നതിനായി 15 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-110-98-06—വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—35.20 ലക്ഷം രൂപ

40. കോട്ടയം ജില്ലാ ഇൻഷ്വറൻസ് ഓഫീസ് കെ.എസ്.എച്ച്.ബി. ബിൽഡിംഗിൽ പ്രവർത്തിച്ചിരുന്നപ്പോഴുള്ള വാടക കുടിശ്ശിക നൽകുന്നതിനായി 1 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-110-98-05(4)—ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—3.67 ലക്ഷം രൂപ

41. വാണിജ്യ സ്വഭാവമുള്ള വകുപ്പായതിനാൽ ഇൻഷ്വറൻസ് വകുപ്പിന് സ്റ്റേഷനറി സാധനങ്ങൾക്ക് വില ഈടാക്കുന്നതിനായി 2 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-110-99-21—മോട്ടോർ വാഹനങ്ങൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—52,000 രൂപ

42. ഇൻഷ്വറൻസ് വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിലെ വാഹനം മാറ്റേണ്ടതിനാലും 14 ജില്ലാ ഓഫീസുകളിലേക്കും ഓരോ വാഹനം ലഭ്യമാക്കേണ്ടതിനാലും ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-110-97—സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്—കമ്പ്യൂട്ടർവൽക്കരണം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—20 ലക്ഷം രൂപ

43. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണത്തിനായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ 75 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കെ. എം. മാണി,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VIII.*

തിരുവനന്തപുരം,
2015 മേയ് 5.